# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തേഴ്

## ചുവന്ന മഹാവ്യാളിയും അവന്റെ ഉപദ്രവവും

Sat വെളിപ്പാട് 12-ൽ മുഖ്യമായ മൂന്നു പ്രതിരൂപങ്ങളുണ്ട്: സ്ത്രീയും, ആൺകുട്ടിയും, ചുവന്ന മഹാവ്യാളിയും. നൂറ്റാണ്ടുകളിലുടനീളം സ്ത്രീയും പാമ്പും തമ്മിൽ യുദ്ധം ഉണ്ടായിരുന്നു. വാസ്തവത്തിൽ, സ്ത്രീയാലല്ല, ആൺകുട്ടിയാലായിരുന്നു യുദ്ധം നടത്തപ്പെട്ടിരുന്നത്. ഈ അധ്യായത്തിൽ ഉല്പത്തി 3:15 മുതൽ ഈ യുഗത്തിന്റെ അന്ത്യംവരെയുള്ള സകല തലമുറകളും ഉള്ളടങ്ങുന്നു. എന്നാൽ ഇത് പ്രത്യേകിച്ചും അവസാനത്തെ മൂന്നര വർഷത്തെ സാത്താന്റെ പ്രവർത്തനത്തിന്റെ കൂടുതൽ വിശദമായ ഒരു ഛായാചിത്രമാണു നല്കുന്നത്. ഈ പോരാട്ടം ഉല്പത്തി 3:15-ൽ ആരംഭിച്ച് അവസാനത്തെ മൂന്നര വർഷത്തിൽ പരിണതി പ്രാപിക്കും. ആൺകുട്ടിയോടുകൂടെയുള്ള സ്ത്രീയും മഹാവ്യാളിയായിത്തീർന്ന പാമ്പും മരിച്ചുപോയ ജയാളികളുടെ പുനരുത്ഥാനത്തിന്റെ സമയംവരെ യുദ്ധംചെയ്യും. മരിച്ചുപോയ സകല ജയാളികളും ഒരു അസ്തിത്വമായി ഉയിർത്തെഴുന്നേൽക്കുമ്പോൾ, ആൺകുട്ടി പൂർണമായി നിലവിൽ വരും. ദൈവജനത്തിന്റെ ബലമേറിയ ഭാഗമായ ഈ ഏക അസ്തിത്വം മഹോപദ്രവത്തിനുമുമ്പ്, ആകാശത്തിലേക്കല്ല, ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടും. ആൺകുട്ടിയുടെ ഉൽപ്രാപണത്തിനുശേഷം അവസാനത്തെ മൂന്നര വർഷം, അഥവാ ആയിരത്തിരുനൂറ്ററുപതു ദിവസം ഉണ്ടായിരിക്കും.

ആൺകുട്ടി ദൈവസിംഹാസനത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം, സ്വർഗത്തിൽ യുദ്ധം ഉണ്ടാകും. വരുവാൻ പോകുന്ന സ്വർഗത്തിലെ യുദ്ധത്തിന്മേൽ ജയാളികളായ വിശുദ്ധന്മാർ ഒരു വലിയ സ്വാധീനം ചെലുത്തുമെന്ന് ഇതു സൂചിപ്പിക്കുന്നു. ജയാളികളായ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും ഉൽപ്രാപണം പ്രാപിക്കുകയും ചെയ്യുവോളം ഈ യുദ്ധം ആരംഭിക്കുകയില്ല. ഇതിനുശേഷം, സാത്താനും അവന്റെ ദൂതന്മാരും പ്രധാന ദൂതനായ മീഖായേലും അവന്റെ ദൂതന്മാരും തമ്മിൽ യുദ്ധം ഉണ്ടായിരിക്കും. (സാത്താൻ വീഴുന്നതിനുമുമ്പ് അവനും ഒരു പ്രധാന ദൂതനായിരുന്നു.)

ആൺകുട്ടി സിംഹാസനത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം വ്യാളിക്ക് ഇനിമേൽ അവിടെ ഒരിടവും ഉണ്ടായിരിക്കുകയില്ല. അതിലുപരിയായി, വ്യാളി തോല്പിക്കപ്പെടുകയും ഭൂമിയിലേക്ക് എറിയപ്പെടുകയും ചെയ്യും. അവൻ ഭൂമിയിലേക്കു വരുമ്പോൾ മഹോപദ്രവം ആരംഭിക്കും. ഈ സമയത്ത് തന്റെ ഉദ്ദേശ്യത്തിനുവേണ്ടി ദൈവം സൃഷ്ടിച്ച മനുഷ്യനെ നശിപ്പിക്കുവാൻ വ്യാളി തന്നാലാവോളം സകലതും ചെയ്യും. ദൈവം ഇതുവരെ ആൺകുട്ടിയെ നേടിയിട്ടില്ല എന്നതുകൊണ്ട് സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് സാത്താനെ എറിഞ്ഞുകളയുവാൻ അവന് ഒരു വഴി ഉണ്ടായിരുന്നില്ല. അവനുവേണ്ടി ഇതു നിർവഹിക്കുവാൻ ദൈവത്തിന് ഒരു സംഘാതമനുഷ്യനെ ആവശ്യമുണ്ട്.

അവസാനത്തെ മൂന്നര വർഷത്തിൽ ശ്രദ്ധപതിപ്പിക്കുന്ന വെളിപ്പാട് 12-ലെ ചിത്രം പാമ്പും സ്ത്രീയും തമ്മിലുള്ള ശത്രുത്വത്തിന്റെ ഒരു സമ്പൂർണ ചിത്രത്തെ വരച്ചുകാട്ടുന്നു. സാത്താൻ ഭൂമിയിലേക്ക് എറിയപ്പെടുമ്പോൾ, അപ്പോഴും ഭൂമിയിലായിരിക്കുന്ന സ്ത്രീക്ക് അവൻ വലിയ നാശം വരുത്തും. ഈ ദൂതിൽ ചുവന്ന മഹാവ്യാളിയെയും അവന്റെ ഉപദ്രവത്തെയും നാം ചിന്തിക്കേണ്ടത് ആവശ്യമാണ്.

## I. വ്യാളി

വാക്യം 3 പറയുന്നു, "സ്വർഗത്തിൽ മറ്റൊരു അടയാളം കണ്ടു: ഇതാ, ഏഴു തലയും പത്തു കൊമ്പും, തലയിൽ ഏഴു മകുടവുമുള്ള ഒരു ചുവന്ന മഹാവ്യാളി." പാമ്പ് കൗശലക്കാരനാണെങ്കിൽ, വ്യാളി ക്രൂരനാണ്.

### A. വലിയത്

വ്യാളി വലിയതാണെന്ന് വാക്യം 3 പറയുന്നു. ഉല്പത്തി 3-ൽ സാത്താൻ ചെറിയൊരു ജീവിയായ പാമ്പായിരുന്നു. ഇവിടെ അവൻ പാമ്പിനെക്കാൾ വളരെ വലുതായ ഒരു വ്യാളിയായിത്തീർന്നു. നൂറ്റാണ്ടുകളായി വലിയൊരളവിൽ പാമ്പ് തിന്നുകൊണ്ടിരുന്നതിനാൽ അവൻ വലിയ ഒരു വ്യാളിയായി വികാസംപ്രാപിച്ചിരിക്കുന്നു.

### B. ചുവന്ന

ഈ മഹാവ്യാളി ചുവന്നതാണ്. ഇവിടെ ചുവപ്പ് സാത്താന്റെ കൊലപാതകത്താൽ ഉണ്ടായ രക്തച്ചൊരിച്ചിലിനെ സൂചിപ്പിക്കുന്നു (യോഹ. 8:44). വ്യാളിയാൽ കൊലചെയ്യപ്പെട്ട ആദ്യത്തെ രക്തസാക്ഷി ഹാബെലായിരുന്നു. മത്തായി 23:35-ൽ

നീതിമാനായ ഹാബെലിന്റെ രക്തത്തെക്കുറിച്ച് കർത്താവായ യേശു സംസാരിച്ചു. വ്യാളി ഭക്ഷിച്ചതു നിമിത്തം വലുതായിരിക്കുക മാത്രമല്ല, വർഷങ്ങളായി നിരവധി ജയാളികളെ അവൻ കൊലപാതകം ചെയ്തതു നിമിത്തം ചുവന്നിരിക്കുകയുമാണ്.

## C. ഏഴു തലകൾ

മഹാവ്യാളിക്ക് ഏഴു തലകളുണ്ട്, അത് റോമാസാമ്രാജ്യത്തിന്റെ ഏഴു കൈസർമാരാണ് (13:1; 17:10-11). നാം 13:1-ലേക്കു വരുമ്പോൾ, ഈ ഏഴു തലകൾ മൃഗത്തിന്റെ തലകളാണെന്നും, മൃഗം റോമാസാമ്രാജ്യം മാത്രമല്ല, എതിർക്രിസ്തുവും ആണെന്നും നാം കാണും. 17:9-ലും 10-ലും ഏഴു തലകൾ ഏഴു കൈസർമാരാണെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. വ്യാളിക്ക് ഏഴു കൈസർമാരുടെയും എതിർക്രിസ്തു എന്ന മൃഗത്തിന്റെയും തലകളായ ഏഴു തലകൾ ഉണ്ടെന്നത്, വ്യാളിയും മൃഗവും ഒന്നാണെന്നു സൂചിപ്പിക്കുന്നു. റോമാസാമ്രാജ്യത്തിന്റെ ഏഴു കൈസർമാർ സാത്താന്റെ തലകളാണെന്ന് ഇത് അർഥമാക്കുന്നു. ഇതിനാൽ റോമാസാമ്രാജ്യം, പ്രത്യേകിച്ചും എതിർക്രിസ്തു, സാത്താന്റെ ദേഹരൂപമാണെന്ന് നാം കാണുന്നു.

## D. പത്തു കൊമ്പുകൾ

വ്യാളിക്ക് പത്തു കൊമ്പുകളുമുണ്ട്. 17:3-ഉം 12-ഉം അനുസരിച്ച്, ഈ പത്തു കൊമ്പുകൾ എതിർക്രിസ്തുവിൻ കീഴിലുള്ള പത്തു രാജാക്കന്മാരായിരിക്കും. ഭാവിയിൽ, റോമാസാമ്രാജ്യം പുനഃസ്ഥാപിക്കപ്പെടുകയും പത്തു രാജാക്കന്മാർ ഉണ്ടായിരിക്കുകയും ചെയ്യും. ഈ പത്തു രാജാക്കന്മാർ നെബൂഖദ്നേസർ തന്റെ സ്വപ്നത്തിൽ കണ്ട വലിയ പ്രതിമയുടെ പത്തു കാൽവിരലുകൾക്കു സമമാണ് (ദാനീ. 2:42-44). ഈ വലിയ പ്രതിമയുടെ രണ്ടു കാലുകളെന്നപോലെ റോമാസാമ്രാജ്യം രണ്ടു ഭാഗങ്ങളായി—പടിഞ്ഞാറുള്ള റോമാസാമ്രാജ്യവും കിഴക്കുള്ള റോമാസാമ്രാജ്യവും—വിഭജിക്കപ്പെട്ടിരുന്നു. പത്തു കാൽവിരലുകൾ എതിർക്രിസ്തുവിൻകീഴിൽ ഇനി വരാനിരിക്കുന്ന പത്തു രാജാക്കന്മാരായിരിക്കും. ഈ പത്തു രാജാക്കന്മാർ മഹാവ്യാളിയുടെ പത്തു കൊമ്പുകളായിരിക്കും. റോമാസാമ്രാജ്യവും എതിർക്രിസ്തുവും പത്തു രാജാക്കന്മാരും സാത്താനുമായി ഒന്നായിരിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു.

## E. ഏഴു മുകുടങ്ങൾ

മഹാവ്യാളിയുടെ ഏഴു തലയിന്മേൽ ഏഴു കൈസർമാരുടെ രാജത്വത്തിന്റെ മഹത്വത്തെ സൂചിപ്പിക്കുന്ന ഏഴു മുകുടങ്ങളുണ്ട്. ഈ ഏഴു കൈസർമാർക്കും അസാധാരണമായ ഒരു രാജത്വമുണ്ട്. ഈ രാജത്വം അവരുടെ കിരീടമാണ്. ഏഴു

കൈസർമാർ സാത്താനുമായി ഒന്നായിരിക്കുന്നതു നിമിത്തം, അവരുടെ കിരീടങ്ങൾ മഹാവ്യാളിയുടെ കിരീടങ്ങളും ആണ്. ഈ ഓരോ കൈസരും ദൈവമെന്നു നടിക്കുകയും, ദൈവമെന്ന് അവകാശപ്പെടുകയും, തന്നെ ദൈവമായി ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുന്നു. ഇതു ചെയ്യുന്നതിൽ അവർ സാത്താനുമായി ഒന്നാണ്.

## F. അവന്റെ വാൽ സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗത്തെ വലിക്കുന്നു

വാക്യം 4 പറയുന്നു, "അവന്റെ വാൽ സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗത്തെ വലിച്ച് ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു." "സ്വർഗത്തിലെ നക്ഷത്രങ്ങൾ" ദൂതന്മാരെ സൂചിപ്പിക്കുന്നു (ഇയ്യോ. 38:7; യെശ. 14:12). "സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗം" ദൈവത്തിനെതിരായുള്ള തന്റെ മത്സരത്തിൽ സാത്താനെ അനുഗമിച്ച വീണുപോയ ദൂതന്മാരായിരിക്കണം. സാത്താൻ അവരെയെല്ലാം വലിച്ചുകൊണ്ടു പോകുന്നു. ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം, അവൻ ഇനിമേൽ സ്വർഗത്തിൽ സാത്താന്റെ സാന്നിധ്യത്തെ സഹിക്കുകയില്ല. പിന്നീട് സ്വർഗം വെടിപ്പാക്കപ്പെടുകയും സാത്താൻ ഭൂമിയിലേക്ക് എറിയപ്പെടുകയും ചെയ്യും. സാത്താനെ ഭൂമിയിലേക്ക് എറിഞ്ഞുകഴിഞ്ഞാൽ വീണുപോയ സകല ദൂതന്മാരെയും അവനോടുകൂടെ താഴേക്ക് എറിയും (വാ. 9). ആ സമയം, ഭൂമി വീണുപോയ ദൂതന്മാരെക്കൊണ്ട് നിറയുകയും അവർ മത്സരികളായ മനുഷ്യരുടെ വാസസ്ഥലത്തെ നശിപ്പിക്കുകയും ചെയ്യും. അത് എത്ര ഭയാനകമായ സ്ഥലമായിരിക്കും! ആ സമയം ഭൂമിയിലായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

*Dragon* (വ്യാളി) എന്ന പദത്തിൽ *drag-on* (വലിക്കുക) എന്നീ പദങ്ങൾ ഉണ്ടെന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വ്യാളി വസ്തുക്കളെ വലിക്കുന്നു. സഭാജീവിതത്തിൽ വലിക്കുന്നതായ എന്തും വ്യാളിയുടെ ഒരു അടയാളമാണ്. വ്യാളി ദൂതന്മാരെ മാത്രം വലിച്ചുനീക്കുക അല്ല, ചിലപ്പോൾ വിശുദ്ധന്മാരെയും വലിക്കുന്നു.

## G. സ്ത്രീയുടെ മുമ്പിൽ നിൽക്കുന്നു

"സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ കുഞ്ഞിനെ വിഴുങ്ങേണ്ടതിന് വ്യാളി പ്രസവിക്കാറായ സ്ത്രീയുടെ മുമ്പിൽ നിന്നു" എന്ന് വാക്യം 4 പറയുന്നു. വ്യാളി സ്ത്രീയുടെ മുമ്പിൽ നിന്നു എന്നത് സാത്താൻ എപ്പോഴും ദൈവജനത്തിനെതിരാണെന്നു സൂചിപ്പിക്കുന്നു. ഉല്പത്തി 3:15-ന്റെ സമയംമുതൽ ഈ ദിവസംവരെ, അവളുടെ കുട്ടിയെ വിഴുങ്ങിക്കളയുക എന്ന ഉദ്ദേശ്യത്തോടുകൂടെ സാത്താൻ സ്ത്രീക്കെതിരായി തുടർച്ചയായി പോരാടിക്കൊണ്ടിരിക്കുന്നു.

മഹോപദ്രവത്തിന്റെ സമയത്ത് ഭൂമിയിൽ ശേഷിക്കുന്ന ദൈവജനത്തിന്റെ ആ ഭാഗത്തെ അവസാനത്തെ മൂന്നര വർഷം സാത്താൻ എതിർക്കും.

മഹോപദ്രവത്തിനുമുമ്പ് എല്ലാ ക്രിസ്ത്യാനികളും എടുക്കപ്പെടുമെന്ന തെറ്റായ ഉപദേശം സ്വീകരിക്കരുത്. ഇങ്ങനെ പഠിപ്പിക്കുന്ന ഒരു വാക്യവും ഇല്ല. അമ്പതു വർഷത്തിലധികമായി ഞാൻ ഉൾപ്രാപണം എന്ന ഈ വിഷയത്തെക്കുറിച്ച് പഠിക്കുകയായിരുന്നു. മഹോപദ്രവത്തിനു മുമ്പ് എല്ലാ ക്രിസ്ത്യാനികളും എടുക്കപ്പെടുമെന്നും വിശ്വാസികളാരും മഹോപദ്രവത്തിലൂടെ കടന്നുപോകയില്ലെന്നും പറയുന്നത് തെറ്റാണെന്ന് ആഴമുള്ള ശരിയായ ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ സമ്മതിക്കുന്നു എന്ന് എന്റെ പഠനത്തിൽ ഞാൻ മനസ്സിലാക്കി. ഈ ധാരണ തെറ്റായ ഒരു പഠിപ്പിക്കലാണ്. ഇതു നിങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ, നിങ്ങൾ മഹോപദ്രവത്തിൽ ഉപേക്ഷിക്കപ്പെട്ടേക്കും. ആൺകുട്ടി അവസാനത്തെ മൂന്നര വർഷത്തിനുമുമ്പ് ദൈവത്തിങ്കലേക്ക് എടുക്കപ്പെടുമെന്ന് 12:5-ൽ നാം കാണുന്നു. ആൺകുട്ടിയുടെ ഉൾപ്രാപണത്തിനുശേഷം, ദൈവത്തിന്റെ കല്പന കാക്കുന്ന യെഹൂദന്മാരും യേശുവിന്റെ സാക്ഷ്യമുള്ള ക്രിസ്ത്യാനികളും ഉൾപ്പെടുന്ന സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പ് ഭൂമിയിൽ ഉപേക്ഷിക്കപ്പെടും. ഒരുവശത്ത്, ആൺകുട്ടി മൂന്നര വർഷത്തിനുമുമ്പ് എടുക്കപ്പെടും, മറുവശത്ത്, യെഹൂദന്മാരും ക്രിസ്ത്യാനികളും ഉൾപ്പെടുന്ന സ്ത്രീയുടെ സന്തതി മഹോപദ്രവത്തിന്റെ ഏറിയ ഭാഗത്തിലൂടെയും കടന്നുപോകുവാൻ ഉപേക്ഷിക്കപ്പെടും. സാത്താനെ ഭൂമിയിലേക്ക് എറിഞ്ഞതിനുശേഷം, ആൺകുട്ടിയുടെ ഉൾപ്രാപണത്തിനുശേഷം അപ്പോഴും ഭൂമിയിൽ ആയിരിക്കുന്ന ദൈവജനത്തെ ഉപദ്രവിക്കുവാൻ അവൻ തന്നാലാവോളം ചെയ്യും.

## H. പുരാതന പാമ്പ്

പുരാതന പാമ്പ് കൗശലക്കാരൻ, വഞ്ചിക്കുന്നവൻ ആണ്. പാമ്പിനെക്കുറിച്ച് വേദപുസ്തകം സംസാരിക്കുമ്പോഴെല്ലാം അത് കൗശലക്കാരനെ കുറിക്കുന്നു (ഉല്പ. 3:1). വെളിപ്പാട് 12-ന്റെ സമയമായപ്പോഴേക്കും പാമ്പ് പുതിയതല്ല; അവൻ ഏകദേശം ആറായിരം വർഷം പ്രായമുള്ള പുരാതനനാണ്.

## I. പിശാച്

വാക്യം 9 ചുവന്ന മഹാവ്യാളിയെ പിശാച് എന്നു വിളിച്ചിരിക്കുന്നു. പിശാച് എന്നതിനുള്ള യവനപദം അപവാദി, ദൂഷകൻ എന്നീ അർഥങ്ങളുള്ള *ഡയാബോളോസ്* എന്നാണ്. പിശാച് ദൈവമുമ്പാകെ നമ്മെ കുറ്റംചുമത്തുകയും മനുഷ്യരുടെ മുമ്പാകെ നമ്മെ ദുഷിക്കുകയും ചെയ്യുന്നു. പിശാച്

ഇയ്യോബിനെയും (ഇയ്യോ. 1:9; 2:4-5) യോശുവയെയും (സെഖ. 3:1-2) കുറ്റംചുമത്തി; ഇപ്പോൾ വിശ്വാസികളെ "ദൈവത്തിനു മുമ്പാകെ" "രാപ്പകൽ" കുറ്റംചുമത്തുന്നു (വാ. 10). പിശാച് ദൈവത്തോട് നമ്മെ കുറ്റംചുമത്തുക മാത്രമല്ല, ദൈവത്തെക്കുറിച്ച് നമ്മോട് ദൂഷണംപറയുകയും ചെയ്യുന്നു. പിശാച് ദൈവത്തിന്റെ അടുക്കലേക്കു പോകുമ്പോൾ, അവൻ ദൈവമുമ്പാകെ നമ്മെ കുറ്റംചുമത്തുന്നു. എന്നാൽ പിശാച് നമ്മുടെ അടുക്കൽ വരുമ്പോൾ അവൻ ദൈവത്തെക്കുറിച്ച് നമ്മോട് ദൂഷണംപറയുന്നു. അവന്റെ ദൂഷണം സ്പഷ്ടമായ രീതിയിലാണെന്നു ചിന്തിക്കരുത്, കാരണം അവൻ പലപ്പോഴും കൗശലമായ രീതിയിലാണ് ദൈവത്തെക്കുറിച്ച് ദൂഷണം പറയുന്നത്. ഉദാഹരണത്തിന്, "എന്തുകൊണ്ട് ദൈവം ഇത് എന്നോടു ചെയ്യുന്നു" എന്ന് നിങ്ങളുടെ ഉള്ളിൽ ചോദ്യം ഉയർത്തിക്കൊണ്ടായിരിക്കും അവൻ ദൈവത്തെക്കുറിച്ച് ദൂഷണം പറയുന്നത്. ഈ ചോദ്യംചെയ്യൽ ദൂഷണത്തിന്റെ ഒരു രൂപമാണ്. എന്തുകൊണ്ട് ദൈവം ഈ രീതിയിൽ എന്നോടു പെരുമാറുന്നു എന്ന് നിങ്ങളിലുള്ള എന്തോ ഒന്ന് ചോദിക്കുന്നുണ്ടാകും. ഇത് നിങ്ങളിൽനിന്നു വരുന്നു എന്നു ചിന്തിക്കരുത്. ഇല്ല, ഇത് നിങ്ങളിലുള്ള പിശാചിന്റെ സംസാരമാണ്. വേദപുസ്തകത്തിലെ ദൈവവചനത്തെക്കുറിച്ചുള്ള ഏതു ചോദ്യവും ഒരു ദൂഷണമാണ്. നിങ്ങൾ ഒരു ചെറിയ ദൂഷണം സ്വീകരിക്കുന്നുവെങ്കിൽ, പിശാച് നിങ്ങൾക്ക് അതിലും വലുത് തരും. ദൈവം ഒരുപക്ഷേ വിശ്വസ്തനല്ല എന്ന് അപ്പോൾ നിങ്ങൾ പറയും. ഇത് എത്ര വലിയ ദൂഷണമാണ്! പിശാച് എന്ന പേരിന്റെ സവിശേഷത അവൻ കുറ്റംചുമത്തുന്നവനും ദൂഷകനും ആകുന്നു എന്നാണ്.

## J. സാത്താൻ

മഹാവ്യാളി സാത്താനെന്നും വിളിക്കപ്പെടുന്നു (12:9). യവന ഭാഷയിൽ, *സാത്താൻ* എന്ന പദത്തിന്റെ അർഥം "എതിരാളി" എന്നാണ്. സാത്താൻ ദൈവത്തിന്റെ രാജ്യത്തിനു വെളിയിലുള്ള ദൈവത്തിന്റെ ശത്രു മാത്രമല്ല, ദൈവത്തിന്റെ രാജ്യത്തിനുള്ളിൽ നിന്നും ദൈവത്തിനെതിരായി മത്സരിക്കുന്ന അവന്റെ എതിരാളിയും ആണ്. ശത്രു ദൈവത്തിന്റെ മണ്ഡലത്തിനു പുറത്തുള്ള വൈരിയെ കുറിക്കുന്നു; എതിരാളി ദൈവത്തിന്റെ മണ്ഡലത്തിനുള്ളിലുള്ള വൈരിയെ കുറിക്കുന്നു. സാത്താൻ ഒരിക്കൽ ദൈവത്തിന്റെ മണ്ഡലത്തിനുള്ളിലായിരുന്നു; അവൻ പുറത്തുള്ളവൻ ആയിരുന്നില്ല. ഇക്കാരണത്താൽ, അവൻ മുമ്പും ഇപ്പോഴും എതിരാളിയാണ്. ഈ എതിരാളി എവിടെയാണ്? അവൻ നിങ്ങളുടെ ഉള്ളിലുണ്ട്. അവൻ പുറമെയുള്ള ശത്രു മാത്രമല്ല, ഉള്ളിലെ എതിരാളിയും ആണ്. ഒരു ശത്രുവിനെതിരായി നിങ്ങളെത്തന്നെ പ്രതിരോധിക്കുവാൻ എളുപ്പമാണ്, എന്നാൽ അവൻ നിങ്ങളുടെ ഉള്ളിൽതന്നെ

ഉള്ളതുകൊണ്ട് ഒരു എതിരാളിക്കെതിരായി നിങ്ങളെത്തന്നെ പ്രതിരോധിക്കുവാൻ പ്രയാസമാണ്. എതിരാളി നിങ്ങളുടെ വീട്ടിലുണ്ട്.

ഈ എതിരാളി നിങ്ങളുടെ ഉള്ളിലുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. അനേകം സമയങ്ങളിൽ അവൻ നിങ്ങളായി അഭിനയിക്കും. അവനെന്നു മനസ്സിലാക്കാതെ അതു നിങ്ങളാണെന്നു നിങ്ങൾ ചിന്തിക്കുന്നു. പലപ്പോഴും നിങ്ങൾ തെറ്റുകാരനായിരിക്കുമ്പോൾ അത്രത്തോളം നിങ്ങളെത്തന്നെ നിങ്ങൾ പഴിക്കരുത്. പകരം, "സാത്താനേ, ഇതു ഞാനല്ല, നീയായതുകൊണ്ട് നീ തന്നെ പഴി വഹിക്കണം" എന്നു നിങ്ങൾ പറയണം. ഇത് സാത്താനോടു പറയുവാൻ നിങ്ങൾ ധൈര്യപ്പെടുമോ? നിങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇത് പറയുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടായിരിക്കുകയില്ല. 1936-നു മുമ്പ് പതിനൊന്നു വർഷത്തിലധികം ഞാൻ വഞ്ചിക്കപ്പെട്ടിരുന്നു. മലിനമായ ചിന്തകൾ എന്റെ മനസ്സിലേക്കു പ്രവേശിച്ചപ്പോൾ, ഞാൻ എത്ര മോശക്കാരനായിരുന്നുവെന്ന് കർത്താവിനോടു പറഞ്ഞുകൊണ്ട് അവയെ ഞാൻ ഏറ്റുപറയുകയും എന്നോട് ക്ഷമിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യു. ഞാൻ എത്രത്തോളം ഏറ്റുപറഞ്ഞുവോ, അത്രത്തോളംതന്നെ അശുദ്ധ ചിന്തകൾ കടന്നുവന്നു. 1936-ൽ ഒരു ദിവസം, ഞാൻ ചതിക്കപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ കണ്ടു. ഈ ചിന്തകൾ എന്റേതായിരുന്നില്ല; അവ ദുഷ്ടനായവന്റെ ചിന്തകളായിരുന്നു. ആ സമയം മുതൽ ഈ കാര്യങ്ങൾ ഞാൻ ഒരിക്കലും ഏറ്റുപറഞ്ഞില്ല. പകരം ഞാൻ പറയുന്നത്, "സാത്താനേ, ഇതിനെ എടുത്തുമാറ്റൂ. നിന്നാൽ ചതിക്കപ്പെടുന്നത് ഞാൻ നിഷേധിക്കുന്നു. ഇത് എന്റെ ചിന്തയല്ല; നിന്റേതാണ്. ഇപ്പോൾ ഇതിനെ നീക്കിക്കളയൂ. സാത്താനേ, നീ ശിക്ഷവിധിക്കപ്പെടണം." സാത്താനോട് ദയ ഉണ്ടായിരിക്കരുത്, അവനാൽ ചതിക്കപ്പെടുകയുമരുത്. ഈ രീതിയിൽ അവനോടു പറയുവാൻ ധൈര്യമുള്ളവരായിരിക്കുക. സാത്താൻ നിങ്ങളുടെ ഉള്ളിലുണ്ട്. ഇതുനിമിത്തം അവൻ നിങ്ങളായിരിക്കുവാൻ അഭിനയിക്കുന്നു. അങ്ങനെ, നിങ്ങൾ അവനോടു പറയണം, "സാത്താനേ, ഇത് ഞാനല്ല, നീയാണ്. നീ എനിക്കു വെളിയിലാണോ എന്റെ ഉള്ളിലാണോ എന്നത് ഞാൻ ശ്രദ്ധിക്കുന്നില്ല. നീ നീയാണ്. നീ എതിരാളിയാണ്." ഇത് അവനോടു പറയുവാൻ പഠിക്കുക. നിങ്ങൾ അത്ര മോശമാണെന്നു വിശ്വസിക്കുന്നതിലേക്ക് ചതിക്കപ്പെടരുത്. നിങ്ങളല്ല, സാത്താനാണ് മോശമായവൻ. നാം മാനസാന്തരപ്പെടുന്നതിനുമുമ്പ് നാം മോശമായിരുന്നുവെന്ന് നാം സമ്മതിച്ചിരുന്നില്ല. പകരം, "ഞാൻ പാപിയല്ല—ഞാൻ തികഞ്ഞവനാണ്" എന്നു പറഞ്ഞുകൊണ്ട് നാം ധിക്കാരികളായിരുന്നു. എന്നാൽ നാം മാനസാന്തരപ്പെടുകയും രക്ഷിക്കപ്പെടുകയും കൃപ പ്രാപിക്കുകയും ചെയ്തതിനുശേഷം, നാം വളരെ അഴുക്കുള്ളവരും വളരെ മോശക്കാരുമെന്നു ചിന്തിക്കുവാൻ

ഇടയാക്കിക്കൊണ്ട് കൗശലപരമായി എതിരാളി നമ്മുടെ അടുക്കലേക്കു വന്നു. അതാണ് എതിരാളിയുടെ ചിന്ത.

ശത്രുവും എതിരാളിയും തമ്മിലുള്ള വ്യത്യാസം അനേകം വർഷങ്ങൾ ഞാൻ അറിഞ്ഞിരുന്നില്ല. എതിരാളിയെന്ന നിലയിൽ സാത്താൻ അവനല്ലാത്ത ഒന്നായി അഭിനയിച്ചുകൊണ്ട് സഭയിൽപോലും ഉണ്ട്. പത്രൊസ് ചതിക്കപ്പെട്ടുവെന്ന് മത്തായി 16:22-ൽ നാം കാണുന്നു. താനാണ് സംസാരിക്കുന്നതെന്ന് പത്രൊസ് ചിന്തിച്ചു, എന്നാൽ വാസ്തവത്തിൽ അത് സാത്താനായിരുന്നു. "സാത്താനേ, എന്റെ പിന്നിൽ പോ" എന്നു പറഞ്ഞുകൊണ്ട് കർത്താവ് എതിരാളിയെ തുറന്നുകാണിച്ചു (മത്താ. 16:23). ഇതുപോലെ, നമ്മുടെ അനുഭവത്തിൽ, അനേകം തവണ നാം അല്ല ചില കാര്യങ്ങൾ ചെയ്യുന്നത്, അത് എതിരാളിയായ സാത്താനാണ്.

### K. ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്നവൻ

പിശാചും സാത്താനും എന്ന മഹാവ്യാളി "ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്നു" എന്ന് വാക്യം 9 പറയുന്നു. ആരും ഒഴിവാക്കപ്പെടുന്നില്ല, എല്ലാവരും അവനാൽ ചതിക്കപ്പെടുന്നു. ഉന്നതൻ മുതൽ താണവൻ വരെയും ശ്രേഷ്ഠൻ മുതൽ ഏറ്റവും ചെറിയവൻ വരെയും, ഭൂമിയിലുള്ള എല്ലാവരും, സാത്താനാൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മഹാവ്യാളി ആരാണെന്ന് നാം അറിയണമെങ്കിൽ അവനെ സംബന്ധിച്ച ഈ എല്ലാ വശങ്ങളും നാം അറിഞ്ഞിരിക്കണം.

## II. അവന്റെ ഉപദ്രവം

### A. സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു

ഇനി നാം വ്യാളിയുടെ ഉപദ്രവത്തെ കാണണം. വാക്യം 13 പറയുന്നു, "തന്നെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു എന്ന് വ്യാളി കണ്ടപ്പോൾ, ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ അവൻ ഉപദ്രവിച്ചു." വ്യാളിയെ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിഞ്ഞുകളയും (വാ. 9-10, 13). നാം കണ്ടതുപോലെ, ആൺകുട്ടിയെ ഇതുവരെ പ്രസവിക്കുകയും സ്വർഗത്തിലേക്ക് എടുക്കുകയും ചെയ്തിട്ടില്ലാത്തതുകൊണ്ട് അത് ഇതുവരെ സംഭവിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം ആൺകുട്ടി ഉയിർപ്പിക്കപ്പെടുകയും എടുക്കപ്പെടുകയും ചെയ്യുമ്പോൾ സാത്താനെ താഴേക്ക് എറിഞ്ഞുകളയും.

### B. തനിക്ക് അല്പകാലമേയുള്ളൂ എന്നറിയുന്നു

സാത്താനെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞതിനുശേഷം, "തനിക്ക് അല്പകാലമേയുള്ളൂ" എന്ന് അവൻ അറിയും (വാ. 12).

ഇവിടത്തെ അല്പകാലം മഹോപദ്രവത്തിന്റെ മൂന്നര വർഷമാണ് (വാ. 14; 13:5; 11:2).

## C. വലിയ രോഷത്തോടെ

വ്യാളിക്ക് വലിയ രോഷമുണ്ടായിരിക്കും (വാ. 12). സ്വർഗത്തിലും ആകാശമണ്ഡലത്തിലുമുള്ള അവന്റെ മേഖല നഷ്ടമാകുന്നതുകൊണ്ട് അവൻ കുപിതനായിരിക്കും. അവനെ എറിഞ്ഞുകളയുകയും ഭൂമിയിൽ പരിമിതപ്പെടുത്തുകയും ചെയ്യും. ഇത് അവനെ രോഷാകുലനാക്കും.

## D. സ്ത്രീയെ ഉപദ്രവിക്കുന്നു

ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ വ്യാളി ഉപദ്രവിക്കും. സാത്താൻ തന്റെ വെറുപ്പ് ദൈവജനത്തിന്റെമേൽ കേന്ദ്രീകരിക്കും. ഇതുനിമിത്തം, ജയാളികളുടെ ഭാഗമായിരിക്കുവാൻ ഒരുങ്ങിയിരിക്കേണ്ടതിന് ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. അല്ലെങ്കിൽ, നിങ്ങൾ അവസാനത്തെ മൂന്നരവർഷത്തിന്റെ മുഖ്യഭാഗത്തിലൂടെ കടന്നുപോകുവാൻ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീയുടെ ഭാഗമായിരിക്കും. ആ സമയം നിങ്ങൾ കുപിതനായ വ്യാളിയെ അഭിമുഖീകരിക്കേണ്ടിവരും.

## E. സ്ത്രീയുടെ പിന്നാലെ തന്റെ വായിൽനിന്ന് നദിപോലെ വെള്ളം ചാടിച്ചു

വാക്യം 15 പറയുന്നു, "സർപ്പം സ്ത്രീയെ പ്രവാഹത്താൽ ഒഴുക്കിക്കളയേണ്ടതിന് അവന്റെ വായിൽനിന്ന് സ്ത്രീയുടെ പിന്നാലെ നദിപോലെ വെള്ളം ചാടിച്ചു." ദൈവജനത്തെ നശിപ്പിക്കേണ്ടതിന് സാത്താനാൽ അയയ്ക്കപ്പെടുന്ന സൈന്യത്തെ ഇവിടെ "വെള്ളം" സൂചിപ്പിക്കുന്നു (യെശ. 8:7-8; 17:12-13; യിരെ. 46:7-9; 47:2-3). ദൈവജനത്തെ ഉപദ്രവിക്കുവാൻ തങ്ങളുടെ സൈന്യത്തെ അയയ്ക്കേണ്ടതിന് സാത്താൻ ഈ ഭൂമിയിലെ രാജാക്കന്മാരോട് ഒരു വാക്കു പറയും. വ്യാളിയുടെയും, മൃഗത്തിന്റെയും, കള്ളപ്രവാചകന്റെയും വായിൽനിന്ന് തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടും (16:13). ഈ അശുദ്ധാത്മാക്കൾ "സർവശക്തനായ ദൈവത്തിന്റെ മഹാദിനത്തിലെ യുദ്ധത്തിന് ആൾപ്പാർപ്പുള്ള സർവഭൂമിയിലെയും രാജാക്കന്മാരെ കൂട്ടിവരുത്തുവാൻ" (16:14) പുറപ്പെട്ടു പോകും. ഈ ആത്മാക്കൾ ആത്മാർത്ഥരായ യെഹൂദന്മാരും വിശ്വസ്തരായ ക്രിസ്ത്യാനികളും ഉൾപ്പെടുന്ന ദൈവജനത്തെ ഉപദ്രവിക്കേണ്ടതിന് തങ്ങളുടെ സൈന്യത്തെ അയയ്ക്കുവാൻ മത്സരികളായ രാജാക്കന്മാരെ പ്രേരിപ്പിക്കും. നിങ്ങൾ മഹോപദ്രവത്തിലൂടെ കടന്നുപോകുവാൻ ഉപേക്ഷിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾ ഇത് സഹിക്കേണ്ടിവരും.

## F. സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പുമായി യുദ്ധം ചെയ്യുന്നു

വാക്യം 17 പറയുന്നു, "വ്യാളി സ്ത്രീയോട് കോപിക്കുകയും, ദൈവത്തിന്റെ കല്പനകൾ കാക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായ അവളുടെ ശേഷിക്കുന്ന സന്തതിയോട് യുദ്ധം ചെയ്യുവാൻ പുറപ്പെട്ടുപോകുകയും ചെയ്തു." "അവളുടെ ശേഷിക്കുന്ന സന്തതി" ആൺകുട്ടിയല്ലാത്ത ദൈവജനത്തെ സൂചിപ്പിക്കുന്നു. അവരുടെ ഇടയിൽ ചിലർ "ദൈവത്തിന്റെ കല്പനകൾ കാക്കുന്ന" യെഹൂദന്മാരും, ചിലർ "യേശുവിന്റെ സാക്ഷ്യമുള്ള" വിശ്വാസികളും ആയിരിക്കും. സാത്താൻ സ്ത്രീയെ ഉപദ്രവിക്കുക മാത്രമല്ല ചെയ്യുന്നത്, അവളുടെ ശേഷിക്കുന്ന സന്തതിയോട്, സ്ത്രീയുടെ ബലഹീനമായ ഭാഗത്തോട്, യുദ്ധം നടത്തുകയും ചെയ്യും.

## III. സ്ത്രീക്കുള്ള ദൈവത്തിന്റെ സംരക്ഷണം

## A. മരുഭൂമിയിലേക്കു പറന്നുപോകേണ്ടതിന് അവൾക്ക് വലിയ കഴുകന്റെ രണ്ടു ചിറകുകൾ നല്കുന്നു

വാക്യം 14 പറയുന്നു, "സ്ത്രീക്കു മരുഭൂമിയിൽ അവളുടെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന് വലിയ കഴുകന്റെ രണ്ടു ചിറകുകൾ ലഭിച്ചു." "വലിയ കഴുകൻ" ദൈവത്തെ സൂചിപ്പിക്കുകയും, "രണ്ടു ചിറകുകൾ" രക്ഷിക്കുവാനുള്ള അവന്റെ ശക്തിയെ സൂചിപ്പിക്കുകയും ചെയ്യുന്നു (പുറ. 19:4; ആവ. 32:11-12). ഫറവോന്റെ ഉപദ്രവത്തിൽനിന്നും യിസ്രായേൽമക്കളെ ദൈവം പുറത്തു കൊണ്ടുവന്നതുപോലെ, മഹോപദ്രവത്തിൽ സാത്താന്റെ ഉപദ്രവത്തിൽനിന്നും തന്റെ ജനത്തെ അവൻ പുറത്തു കൊണ്ടുവരും. സർവശക്തനായ ദൈവം സാത്താന്റെ ഉപദ്രവത്തെ രക്ഷപ്പെടേണ്ടതിന് തന്റെ ജനത്തിന് ദിവ്യശക്തി പ്രദാനംചെയ്യും.

മരുഭൂമി എന്താണെന്ന് ചിലർ അത്ഭുതപ്പെട്ടേക്കാം. ഈ ചോദ്യത്തിന് സ്പഷ്ടമായി ഉത്തരം നല്കുവാൻ എനിക്കു കഴിയുകയില്ല, എന്നാൽ ഇത് എന്തായിരിക്കും എന്നതിന് എന്റേതായ ഒരു തിരിച്ചറിവ് എനിക്കുണ്ട്. ഈ വാക്യത്തെ വ്യാഖ്യാനിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിലും, മരുഭൂമി എന്താണെന്നു ഞാൻ തിരിച്ചറിഞ്ഞത് നിങ്ങളുമായി പങ്കുവയ്ക്കുവാൻ എനിക്ക് മനസ്സുണ്ട്. അമേരിക്കയുടെ ആരംഭംമുതൽ, ദൈവത്തോട് ഒരു സ്വതന്ത്ര മനഃസ്സാക്ഷി ആഗ്രഹിക്കുന്ന ആളുകൾക്ക് രക്ഷപ്പെടുവാനുള്ള ഒരു സ്ഥലമായിരുന്നു അമേരിക്കൻ ഐക്യനാടുകൾ. **മേയ്ഫ്ലവർ (Mayflower)** സംഭവത്തെക്കുറിച്ച് നമ്മെല്ലാം സുപരിചിതരാണ്. ഉപദ്രവത്തിൽനിന്നും തീർഥാടകർ ഒളിച്ചോടുകയും ഈ രാജ്യത്തിലേക്കു രക്ഷപ്പെടുകയും ചെയ്തു. മൂന്നൂറു വർഷത്തിലധികം തന്റെ അഭയാർഥികളുടെ അഭയസ്ഥാനമായി

ദൈവം അമേരിക്കയെ ഉപയോഗിച്ചിരുന്നു. ഈ രാജ്യത്തിന്റെ ചിഹ്നം ഒരു പരുന്താണ്. ഉപദ്രവം വരുമ്പോൾ, ദൈവജനത്തിൽ അനേകരും വിമാനമാർഗം അമേരിക്കൻ ഐക്യനാടുകളിലേക്ക് രക്ഷപ്പെട്ടേക്കാം. ഹല്ലേലൂയ്യാ, ദൈവത്തിന്റെ അഭയാർഥികൾക്കുവേണ്ടി ഭൂമിയിൽ ഒരു മരുഭൂമി ഉണ്ടായിരിക്കും! ഇന്നും അമേരിക്കൻ ഐക്യനാടുകൾ അഭയാർഥികൾക്കു വേണ്ടിയുള്ള ഒരു അഭയസ്ഥാനമാണ്.

## B. ഭൂമി വായ് തുറന്ന് നദിയെ വിഴുങ്ങുന്നു

വ്യാളി "സ്ത്രീയുടെ പിന്നാലെ നദിപോലെ വെള്ളം ചാടിച്ചു" എന്നു നാം കണ്ടു. വാക്യം 16 പറയുന്നു, "ഭൂമി അവളെ സഹായിച്ചു, ഭൂമി അതിന്റെ വായ് തുറന്ന് വ്യാളി തന്റെ വായിൽനിന്നു ചാടിച്ച നദിയെ വിഴുങ്ങിക്കളഞ്ഞു." ആ സമയം, സംഖ്യാപുസ്തകം 16:31-33-ലെന്ന പോലെ ഭൂമി വായ് തുറന്ന് സാത്താനാൽ അയയ്ക്കപ്പെട്ട സൈന്യങ്ങളെ വിഴുങ്ങിക്കളയും. ആ മൂന്നര വർഷം അനേകം ഭൂകമ്പങ്ങൾ ഉണ്ടായിരിക്കുമെന്ന് ഇത് അർഥമാക്കുന്നു. സാത്താനാൽ അയയ്ക്കപ്പെട്ട സൈന്യങ്ങളെ വിഴുങ്ങുവാൻ ഭൂമിയെ തുറക്കേണ്ടതിന് ദൈവം ഈ ഭൂകമ്പങ്ങളെ ഉപയോഗിക്കും. ഈ സമയം ഭൂമിയിൽ ഉണ്ടായിരിക്കരുത്. മറിച്ച്, ഇതിനെ നാം സ്വർഗത്തിൽനിന്നു വീക്ഷിക്കണം. മഹോപദ്രവകാലത്ത് ദൈവം ഭൂകമ്പങ്ങൾ അയയ്ക്കുമ്പോൾ, ഭൂമി മനുഷ്യന് സമാധാനമായി ജീവിക്കുവാൻ കഴിയുന്ന ഒരു നല്ല ഇടമായിരിക്കുകയില്ല. ഭൂമിയിൽ വസിക്കുന്നവർക്ക് മുന്നറിയിപ്പു നല്കുവാൻ മാത്രമല്ല, സാത്താന്റെ സൈന്യങ്ങളെ വിഴുങ്ങുവാനും ദൈവം ഭൂമിയെ കുലുക്കും. തങ്ങളുടെ സൈന്യങ്ങളെ അയയ്ക്കുന്നതിന് ഭൂമിയിലുള്ള രാജാക്കന്മാരെ ഉത്തേജിപ്പിക്കുവാൻ സാത്താൻ തവളകളെ അയയ്ക്കും, എന്നാൽ സൈന്യങ്ങളെ ഭൂമി വിഴുങ്ങേണ്ടതിന് ഭൂമിയെ കുലുക്കുവാൻ ദൈവം തന്റെ ചെറുവിരൽ ചലിപ്പിക്കും. ഇതായിരിക്കും സാഹചര്യത്തോട് ഇടപെടുന്ന ദൈവത്തിന്റെ മാർഗം.

## C. ആയിരത്തിരുനൂറ്ററുപതു ദിവസം മരുഭൂമിയിൽ അവളെ പോഷിപ്പിക്കുന്നു

വാക്യം 6 പറയുന്നു, "സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, അവർ ആയിരത്തിരുനൂറ്ററുപതു ദിവസം അവളെ പോഷിപ്പിക്കേണ്ടതിന്, അവിടെ ദൈവത്താൽ ഒരുക്കപ്പെട്ട ഒരു സ്ഥലം അവൾക്കുണ്ട്." കൂടാതെ, സ്ത്രീ "മരുഭൂമിയിൽ അവളുടെ സ്ഥലത്തേക്കു" പറന്നുപോകും എന്നും അവിടെ അവളെ "സർപ്പത്തിന്റെ മുഖത്തുനിന്ന് കാലവും കാലങ്ങളും അരക്കാലവും പോഷിപ്പിക്കും" എന്നും വാക്യം 14 പറയുന്നു. ആൺകുട്ടിയുടെ ഉൾപ്രാപണത്തിനുശേഷം ഉപദ്രവം

സഹിക്കേണ്ടതിന് സ്ത്രീ ഭൂമിയിൽ ഉപേക്ഷിക്കപ്പെടും (വാ. 13). മഹോപദ്രവത്തിന്റെ സമയത്ത് മഹോപദ്രവത്തിന്റെ മൂന്നര വർഷമായ "കാലവും കാലങ്ങളും അരക്കാലവും" അഥവാ, "ആയിരത്തിരുനൂറ്ററുപതു ദിവസം" അവളെ പോഷിപ്പിക്കേണ്ടതിന് ദൈവം ഒരു സ്ഥലം ഒരുക്കും. സഹസ്രാബ്ദ രാജ്യത്തിലേക്കു തന്റെ ജനത്തെ കൊണ്ടുവരുന്നതിനുമുമ്പ് ദൈവം അവളെ പോഷിപ്പിക്കും. ഇത് ഫറവോൻ യിസ്രായേൽമക്കളെ ഉപദ്രവിക്കുകയും, ദൈവം തന്റെ ജനത്തെ നല്ലദേശത്തിലേക്കു കൊണ്ടുവരുന്നതിനുമുമ്പ് അവരെ അവൻ പോഷിപ്പിച്ച മരുഭൂമിയിലേക്കു കൊണ്ടുവരികയും ചെയ്ത സമയത്തിനു സമമാണ്. എത്രവലിയ ജനത്തെ പോഷിപ്പിക്കുവാനും അമേരിക്കൻ ഐക്യനാടുകൾ ആഹാരവിഷയത്തിൽ അത്രയ്ക്കു സമ്പന്നമാണ്. ഐക്യനാടുകൾപോലെ ആഹാരത്തിൽ സമ്പന്നമായിരിക്കുന്ന മറ്റൊരു രാജ്യവും ഭൂമിയിൽ ഇല്ല. ഭൂമിയിൽ ഇങ്ങനെ പോഷിപ്പിക്കുന്ന ഒരു സ്ഥലം ഉണ്ടായിരിക്കും എന്നതിനായി കർത്താവിനെ സ്തുതിക്കുന്നു!

വരാൻപോകുന്ന ദിവസങ്ങളുടെ പൊതുവായ ഒരു ചിത്രം നാം കണ്ടു. ഉല്പത്തി 3:15 മുതൽ സ്ത്രീയും പാമ്പും അന്യോന്യം പോരാടിക്കൊണ്ട് സന്നിഹിതരാണ്. വർഷങ്ങളായി ഈ പോരാട്ടം വർധിക്കുകയും തീവ്രമാകുകയും ചെയ്തു. രക്തസാക്ഷികളായിത്തീർന്ന സകലരും ഉയിർത്തെഴുന്നേൽക്കുകയും ആൺകുട്ടിയായി സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യുന്ന അവസാന സമയംവരെ ഇതു തുടർന്നുകൊണ്ടിരിക്കും. അവർ സിംഹാസനത്തിൽ എത്തുമ്പോൾ പറയും, "സാത്താനേ, ഞങ്ങൾ ഇവിടെ ഉണ്ട്. ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതിനാൽ, നീ താഴെ ഭൂമിയിലേക്കു പോകണം." പിന്നീട് പ്രധാനദൂതനായ മീഖായേലും അവന്റെ ദൂതന്മാരും വ്യാളിക്കും അവന്റെ ദൂതന്മാർക്കും എതിരായി യുദ്ധംചെയ്യും. വ്യാളി ഭൂമിയിലേക്ക് എറിയപ്പെടുകയും മഹോപദ്രവം തുടങ്ങുകയും ചെയ്യും. ആ സമയത്ത് അപ്പോഴും ഭൂമിയിലായിരിക്കുന്ന ദൈവജനത്തെ വ്യാളി ഉപദ്രവിക്കുകയും അവർക്കെതിരായി യുദ്ധം നടത്തുകയും ചെയ്യും. ഇത് മൂന്നര വർഷം നീണ്ടുനിൽക്കും. എന്നാൽ ദൈവം സർവാധികാരിയായിരിക്കും. ഒരുവശത്ത്, ഭൂമി വായ് തുറക്കുന്നതിലൂടെ അവൻ സാത്താന്റെ സൈന്യങ്ങളെ വിഴുങ്ങിക്കളയും. മറുശത്ത്, തന്റെ ജനം രക്ഷപ്പെടുവാൻ ഒരു വഴി ഒരുക്കുകയും ഒരു പ്രത്യേക സ്ഥലത്ത് അവരെ പോഷിപ്പിക്കുകയും ചെയ്യും. ദൈവം തന്റെ ജനത്തെ സംരക്ഷിക്കും. എങ്കിലും, ആ സംരക്ഷണം ആസ്വദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. നിങ്ങളെ സംബന്ധിച്ച് എങ്ങനെയാണ്? വരുവാൻ പോകുന്ന ദിവസങ്ങളുടെ ഈ വ്യക്തമായ ചിത്രത്തിനായി കർത്താവിനെ സ്തുതിക്കാം.